# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.323 — 28.10.2019 - ൽ മറുപടിക്ക്

**ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ആലപ്പുഴയിലെ സർക്കാർ നഴ്സിംഗ് കോളേജിൽ നിലവിൽ എം.എസ്.സി. നഴ്സിംഗിനും, ബി.എസ്.സി. നഴ്സിംഗിനും പ്രതിവർഷം എത്ര കുട്ടികൾക്കാണ് പ്രവേശനം അനുവദിക്കുന്നത്; | (എ) | ആലപ്പുഴ സർക്കാർ നേഴ്സിംഗ് കോളേജിൽ നിലവിൽ എം.എസ്സ്.സി. നേഴ്സിംഗ് കോഴ്സിന് 20 സീറ്റുകളും, ബി.എസ്സ്.സി. നേഴ്സിംഗ് കോഴ്സിന് 60 സീറ്റുകളുമാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത കോഴ്സുകളിൽ പ്രവേശനത്തിന് ഈടാക്കുന്ന ഫീസിന്റെ വിശദാംശം വ്യക്തമാക്കുമോ; | ബി) | 2019 അധ്യയന വർഷം മുതൽ പുതുക്കിയ ഫീസ് ഘടനയുടെ അടിസ്ഥാനത്തിൽ 2019-20 അദ്ധ്യയന വർഷം ഒന്നാം വർഷ ബി.എസ്സ്.സി. നേഴ്സിംഗിനും, എം.എസ്സ്.സി.നേഴ്സിംഗ് കോഴ്സിനും താഴെ പറയും പ്രകാരമാണ് ഫീസ് ഈടാക്കുന്നത്.<br><br>__ബി.എസ്സ്.സി. നേഴ്സിംഗ്__<br>ട്യൂഷൻ ഫീസ് -15,750/-<br>വാൻ ഫീസ് - 1,580/-<br>മിസിലേനിയസ് ഫീസ് - 1,580/-<br>കോഷൻ ഡെപ്പോസിറ്റ് - 2,100/-<br>---------<br>21,010/-രൂപ<br><br>__എം.എസ്സ്.സി.നേഴ്സിംഗ്__<br>ട്യൂഷൻ ഫീസ് -29,400/-<br>വാൻ ഫീസ് - 1,050/-<br>സ്പെഷ്യൽ ഫീസ് - 1,580/-<br>കോഷൻ ഡെപ്പോസിറ്റ് - 4,200/-<br>---------<br>36,230/-രൂപ |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കോളേജിലെ ബി.എസ്.സി. നഴ്സിംഗ്, എം.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികളിൽ നിന്നും 2015-16 മുതൽ 2017-18 വരെ ഫീസ് ഇനത്തിൽ ഈടാക്കിയ തുകയിൽ കുറവ് വന്നുവെന്ന് അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ലക്ഷം രൂപയുടെ കുറവാണ് കണ്ടെത്തിയത്; | (സി) | കണ്ടെത്തിയിട്ടുണ്ട്.<br><br>57.95 ലക്ഷം രൂപയുടെ കുറവാണ് കണ്ടെത്തിയത്. |
| (ഡി) | നിശ്ചയിച്ച ഫീസ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നതിൽ കുറവ് ഉണ്ടായത് ഏത് സാഹചര്യത്തിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതിന് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ഡി) | നിശ്ചയിക്കപ്പെട്ട ഫീസിൽ വർഷം തോറും ഉള്ള 10% വർദ്ധനവ് വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കിയിട്ടില്ല. ഇക്കാര്യം അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയപ്പോൾ തന്നെ കുട്ടികളെ അറിയിക്കുകയും വർദ്ധിപ്പിച്ച ഫീസ്, 2015 ബാച്ച് മുതലുള്ള കുട്ടികളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും, ഇതനുസരിച്ച് 5,67,795/- രൂപ ഈടാക്കിയിട്ടുമുണ്ട്. ഇതിന് ഉത്തരവാദികളായവർക്കെതിരെയുള്ള തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

Miley

സെക്ഷൻ ഓഫീസർ